# ഉളിയിൽ വി. മാഞ്ഞു മാസ്റ്റർ



**ഭൗതിക** സമൃദ്ധിക്കു ഭാഗ്യമുണ്ടാവുക, അത്തരം സൗഭാഗ്യങ്ങൾ ജീവിതത്തിലെ താളഭംഗങ്ങൾക്കു ഹേതുവാകാതിരിക്കുക. സ്വാതന്ത്ര്യാനന്തര കേരളത്തിൽ അന്നിതൊരപൂർവ്വതയാണ്, ഭാഗ്യവും. ഈയൊരു ഭാഗ്യം കിട്ടിയ യൗവനമായിരുന്നു കണ്ണൂരിലെ ഉളിയിൽ വെളുത്താണ്ടി മൊയ്തു മകൻ മാഞ്ഞുവിന്റേത്. സ്വന്തം ഗ്രാമത്തിലും ഫാറൂഖ് കോളേജിലും പിന്നീട് അലിഗറിലും ചെന്നെത്തിയ വിദ്യാഭ്യാസം. അന്നു തൊട്ടേ ഇസ്ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളുമായുള്ള ഗാഢബന്ധം.

ഇക്കാലത്താണ് കെ.സി.അബ്ദുല്ല മൗലവിയുടെ മുൻകൈയിൽ ചേന്ദമംഗല്ലൂരിലെ ഇസ്ലാമിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സാർഥമാകുന്നത്. ഇത് 1952ൽ. അന്ന് ആ പ്രാസ്ഥാനിക കൂട്ടായ്മയിൽ രൂപപ്പെട്ടതാണ് ചേന്ദമംഗല്ലൂർ ഹൈസ്കൂൾ. സ്ഥാപനോത്തരവുമേന്തി വെപ്രാളപ്പെട്ടുനിന്ന മാനേജ്മെന്റ് അധികൃതർ തങ്ങൾക്കൊരു ഹെഡ്മാസ്റ്ററെയും തേടി നാടാകെ അലഞ്ഞുനടന്നു. ആ അലച്ചിലിന് ഒരു തീർഥാടനത്തിന്റെ വിശുദ്ധിയുണ്ടായിരുന്നു. ഈയൊരന്വേഷണമാണ് തന്റെ ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ഈ സാഹസിക യുവാവിനെ കണ്ണൂരിലെ വിദൂര മലയോര ഗ്രാമമായ ഉളിയിൽ നിന്നും ഭൗതിക സന്നാഹങ്ങൾ ഒന്നുമില്ലാത്ത ചേന്ദമംഗല്ലൂർ എന്ന കുഗ്രാമത്തിലേക്ക് വഴിനടത്തിയത്. ഇനിയും സ്ഥാപിതമാകേണ്ട സ്ഥാപനത്തിലെ ഹെഡ്മാസ്റ്ററായി. പിന്നീടൊരു പകർന്നാട്ടം. ഇസ്ലാമിക പ്രസ്ഥാനത്തിന്റെ കാർമികത്വത്തിലും മാഞ്ഞുമാഷിന്റെ മാന്ത്രിക സാന്നിധ്യത്തിലും അന്നു നാട്ടുകൂട്ടം അവരുടെ അക്ഷരനാളത്തെ സ്വന്തം ഗ്രാമവിശുദ്ധിയിൽ ജ്വലിപ്പിച്ചു നിർത്തി. ഇന്നും ഈ ചെറുഗ്രാമത്തിന്റെ പേരും മേൽവിലാസവും ഇസ്ലാഹിയാ സ്ഥാപന സമുച്ചയങ്ങളാണ്. ഇതിന്റെ നിർമിതിയിൽ ഇരുദശകം മാഞ്ഞു മാഷിന്റെ അധ്വാനം അനുപമമാണ്. ആ ജ്ഞാനകേന്ദ്രത്തെ നാട്ടിലും നാട്ടുകാരുടെ മനസ്സിലും അദ്ദേഹം സ്ഥാപിച്ചു നടത്തി. അതിന്റെ ഗതിയും വേഗവും നിർണയിച്ചു. ആന്തരപരിസരം രൂപകൽപ്പന ചെയ്തു. അതിനു ധർമ്മബോധത്തിന്റെ ഉള്ളടക്കം നൽകി.

പിന്നീടെന്നും സ്ഥാപനങ്ങൾ നേരിട്ട സർവ്വ രോഷങ്ങളെയും, കൊമ്പും തോടയും കുലുക്കിയെത്തിയ പ്രതിഷേധങ്ങളെയും ഒരു കവിതയെഴുതുന്ന ശ്രദ്ധയോടെ അദ്ദേഹം നേരിട്ടു തോൽപ്പിച്ചു. ആ നിൽപ്പിന്റെ കരുത്തിൽത്തന്നെ രോഷത്തിന്റെ മതിലുകൾ ഇടിഞ്ഞുവീണു. നിർഭയനായിരുന്നു എന്നും അദ്ദേഹം. ആദർശത്തിന്റെ മഹിതഗന്ധവും ഊർജ്ജവും സ്വന്തം ആന്തരികനാളത്തിൽ വിന്യസിക്കപ്പെട്ട ഒരാൾ എന്തിനെ ഭയക്കണം?

ആ സാന്നിധ്യം സ്കൂളിലും കുഞ്ഞുങ്ങളിലും ഒതുങ്ങി നിന്നില്ല. ചേന്ദമംഗല്ലൂർ എന്ന ഗ്രാമം മുഴുവൻ ആ ഗുരുസാഗരം ഇരമ്പിനിന്നു. ശിഷ്യരെ മാത്രമല്ല അവരുടെയൊക്കെ വീട്ടുകാരെയും നാട്ടുകാരെയും അദ്ദേഹം സ്വന്തം വിദ്യാർഥികളായി നെഞ്ചിലേറ്റി. ഈയൊരു അനൗപചാരിക അധ്യാപനം കൂടിയാണ് ചേന്ദമംഗല്ലൂർ എന്ന ഗ്രാമത്തെ ഉൽപാദിപ്പിച്ചത്. ഓരോ വീടും അവരുടെ കുടുംബബന്ധങ്ങളും മാഷിന് മനഃപാഠമായി. ആ എഞ്ചുവടി സ്ഥാപനത്തിന്റെ വികാസയത്നത്തിൽ കണക്കുകൾ തെറ്റാതിരിക്കാൻ അദ്ദേഹത്തിന് കൂട്ടായി. നീണ്ട ഇരുപതു വർഷം. അപ്പോഴേക്കും ചേന്ദമംഗല്ലൂരിന്റെ പെരുമപെരുക്കം മലയാളത്തിന്റെ അതിരുകൾ മുറിച്ചൊഴുകി. ഒരു കർമ്മകാണ്ഡം പൂർത്തിയായി. അപ്പോഴേക്കും നാടിനും നാട്ടുകാർക്കും ജ്ഞാനബോധത്തിന്റെ സ്വരസ്ഥാനങ്ങൾ ഉറച്ചു കഴിഞ്ഞു. അതോടെ ചേന്ദമംഗല്ലൂരിന്റെ സ്വന്തം ഗുരു നാട്ടിലേക്ക് മടങ്ങി. തിരിച്ചുപോകുമ്പോൾ മാഞ്ഞുമാസ്റ്റർ കൂടെ കൂട്ടിയതു സ്വന്തം നാട്ടുപരിസരത്തു പ്രയോഗമാക്കേണ്ട സ്വപ്ന പദ്ധതികളായിരുന്നു. ഇസ്ലാഹിയ അസോസിയേഷന്റെ രൂപപ്രയോഗത്തിൽ അദ്ദേഹം ഐഡിയൽ ഇസ്ലാം ട്രസ്റ്റ് സ്ഥാപിച്ചു. യാഥാസ്ഥിതികത്വം തേരോടിനിൽക്കുന്ന നാട്ടുകൂട്ടങ്ങളിൽ നവോത്ഥാന ചിന്തയുടെ സ്ഥാപിതത്വം ശ്രമകരമായ ദൗത്യം തന്നെയായിരുന്നു. ആൾക്ഷാമവും വിഭവശുഷ്കതയും വിഘ്നങ്ങൾ പടച്ചിട്ടും സ്വന്തം ഗ്രാമത്തിൽ സ്ഥാപനവും അതിന്റെ പിന്നിലെ മൂല്യവികാസവും വളർത്തിയത് മാഷിന്റെ ഇഛാശക്തികൊണ്ടുമാത്രമാണ്. ഇന്നും ഉളിയിൽ എന്ന മലയോര ഗ്രാമത്തിലെ സാംസ്കാരിക നവോത്ഥാനത്തിൽ ഐഡിയൽ ഇസ്ലാം ട്രസ്റ്റ് സമർപ്പിക്കുന്ന ശ്രദ്ധയും ജാഗ്രതയും അനുപമമാണ്. അഥവാ കെ.സി അബ്ദുല്ല മൗലവി ചേന്ദമംഗല്ലൂരിൽ നിർവഹിച്ച അതേ ദൗത്യമാണ് മാഞ്ഞു എന്ന ശിഷ്യൻ സ്വന്തം മലയോര ഗ്രാമത്തിൽ നിർവ്വഹിച്ചത്.

പത്ത് പെൺമക്കളും ഒരു മകനും. മാഷിന്റെ കുടുംബം പൊതു അർഥത്തിൽ വലിയതാണ്. ഇവരെയൊക്കെയും മാതൃകാപരമായി വളർത്താൻ ഭാര്യ സാറാഉമ്മയോടൊപ്പം ഈ ബദ്ധപ്പാടിനിടയിലും മാഞ്ഞുമാഷ് നേരം കണ്ടു. തന്റെ മഹല്ലിലെ സർവനിയോഗങ്ങളും സമ്പൂർണ വിതാനത്തിൽ തന്നെ അദ്ദേഹം പൂർത്തിയാക്കി. യാഥാസ്ഥിതികത്വത്തിന്റെ കരിമുകിൽ കാട്ടിൽ ഇസ്ലാമിക ബോധ്യത്തിന്റെ പൗർണമിയെത്തിയതു മാഷിന്റെ അധ്വാനം കൊണ്ടുകൂടിത്തന്നെയായിരുന്നു. തന്റെ 75ാം വയസ്സിൽ മഹാരോഗത്തിനു കീഴടങ്ങുന്നതു വരെ ആ ചടുലജീവിതം തന്റെ വിശ്വാസബോധത്തിന്റെ സമ്പൂർണ്ണമായ സാക്ഷാത്കാരത്തിനായി പിടഞ്ഞുകൊണ്ടിരുന്നു. വടക്കൻനാട്ടിലെ ഇസ്ലാമിക ചലനങ്ങളുടെ കരുത്തായിരുന്നു അദ്ദേഹം. വിശ്വാസബോധങ്ങളെ കർമ്മം കൊണ്ടു സാക്ഷ്യം ചെയ്ത മാഷിനു ഫലസിദ്ധിയെ സംബന്ധിച്ച് ആശങ്ക വേണ്ടതില്ല.

**പി.ടി കുഞ്ഞാലി, ചേന്ദമംഗല്ലൂർ** ■